REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 12-07-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ യുവജനങ്ങളെ ഉത്തേജിപ്പിക്കാനും ശാക്തീകരിക്കാനുമുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് റോസ്ഗാർ മേള പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **BJP യുടെ പുതിയ സംസ്ഥാന കമ്മിറ്റി ഓഫീസായ മാരാർജി ഭവൻ തിരുവനന്തപുരത്ത് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു.**
- **ആക്സിയം ബഹിരാകാശ ദൗത്യത്തിന്റെ ഭാഗമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ, ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാംശു ശുക്ല ഉൾപ്പെട്ട നാലംഗ സംഘം മറ്റന്നാൾ ഭൂമിയിലേക്ക് യാത്ര തിരിക്കും.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ലോർഡ്സിൽ ആൻഡേഴ്സൺ - ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന് ഇംഗ്ലണ്ടിനെതിരെ ഇന്ത്യ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ യുവജനങ്ങളെ ഉത്തേജിപ്പിക്കാനും ശാക്തീകരിക്കാനുമുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് റോസ്ഗാർ മേള പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യക്ക് അതിർവരമ്പുകളില്ലാത്ത രണ്ട് ശക്തികളുണ്ടെന്ന് ലോകത്തിന് അറിയാമെന്നും, അതിലൊന്ന് മാനവ വിഭവശേഷിയും, മറ്റൊന്ന് ജനാധിപത്യവുമാണെന്നും

പ്രധാനമന്ത്രി പറഞ്ഞു. വിവിധ ഗവൺമെന്റ് വകുപ്പുകളിലേക്ക് പുതുതായി നിയമിക്കപ്പെട്ട 51,000-ൽ അധികം യുവജനങ്ങൾക്ക് വീഡിയോ കോൺഫറൻസിംഗ് വഴി നിയമന കത്തുകൾ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു നരേന്ദ്ര മോദി.

ഡെസ്ക് റിപ്പോർട്ട്

....(വോയ്സ്)......

ഗവൺമെന്റിന്റെ റോസ്ഗാർ മേള സംരംഭത്തിലൂടെ ലക്ഷക്കണക്കിന് യുവാക്കൾക്ക് കേന്ദ്ര ഗവൺമെന്റിൽ സ്ഥിരം ജോലി ലഭിച്ചുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇവർ ഇപ്പോൾ രാഷ്ട്ര നിർമ്മാണത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

...........(PM VOICE).............

രാജ്യത്തെ 47 സ്ഥലങ്ങളിലായാണ് 16-ാമത് റോസ്ഗാർ മേള സംഘടിപ്പിച്ചത്. റെയിൽവേ മന്ത്രാലയം, റവന്യൂ വകുപ്പ്, പേഴ്സണൽ ആൻഡ് പബ്ലിക് ഗ്രീവൻസസ് ആൻഡ് പെൻഷൻ മന്ത്രാലയം, ആഭ്യന്തര മന്ത്രാലയം, തപാൽ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തൊഴിൽ മന്ത്രാലയം എന്നിവയുൾപ്പെടെ വിവിധ കേന്ദ്ര ഗവൺമെന്റ് മന്ത്രാലയങ്ങളിലും വകുപ്പുകളിലുമായാണ് പുതിയ നിയമനം ലഭിച്ചവർ ജോലിയിൽ പ്രവേശിക്കുക. രാജ്യത്തുടനീളമുള്ള റോസ്ഗാർ മേളകളിലൂടെ ഇതുവരെ പത്ത് ലക്ഷത്തിലധികം നിയമന കത്തുകൾ വിതരണം ചെയ്തിട്ടുണ്ട്.

✪✪✪

രാജ്യ വ്യാപകമായി സംഘടിപ്പിക്കുന്ന റോസ്ഗർ മേളയുടെ ഭാഗമായി പാലക്കാട് നടന്ന പരിപാടി നഗരസഭ അധ്യക്ഷ പ്രമീള ശശിധരൻ ഉദ്ഘാടനം ചെയ്തു. വിവിധ മന്ത്രാലയങ്ങളിൽ പുതുതായി നിയമിതരായവർക്ക് ചടങ്ങിൽ നിയമന കത്തുകൾ കൈമാറി.

✪✪✪

'മറാഠാ മിലിട്ടറി ലാൻഡ്സ്കേപ്പുകൾക്ക്' യുനെസ്കോയുടെ ലോക പൈതൃക പദവി ലഭിച്ചതിൽ ഓരോ ഇന്ത്യക്കാരനും സന്തോഷിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഒരു അനീതിക്ക് മുന്നിലും വഴങ്ങാതിരുന്ന ആ മഹാരഥന്മാരായ ഭരണാധികാരികൾ നമുക്ക് പ്രചോദനമാണെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. 12 ഗംഭീരമായ കോട്ടകൾ ഉൾപ്പെടുന്നതാണ് 'മറാഠാ മിലിട്ടറി ലാൻഡ്സ്കേപ്പുകൾ'. എല്ലാവരും ഈ കോട്ടകൾ സന്ദർശിക്കാനും മറാത്താ സാമ്രാജ്യത്തിന്റെ സമ്പന്നമായ ചരിത്രത്തെക്കുറിച്ച് മനസ്സിലാക്കാനും ശ്രമിക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

✪✪✪

നിയമന പ്രക്രിയ സുതാര്യവും കാര്യക്ഷമവും സാങ്കേതികവിദ്യാധിഷ്ഠിതവുമാക്കുക എന്ന ലക്ഷ്യത്തോടെ റെയിൽവേ മന്ത്രാലയം നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇന്ത്യൻ റെയിൽവെ അറിയിച്ചു. റിക്രൂട്ട്മെന്റ് നടപടി സുഗമമാക്കുന്നതിന് ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം ഉൾപ്പെടെ നിരവധി ഉദ്യോഗാർത്ഥി സൗഹൃദ നടപടികൾ ആണ് റെയിൽവെ ഇതുവരെ നടപ്പാക്കിയത്.

✪✪✪

BJP യുടെ പുതിയ സംസ്ഥാന കമ്മിറ്റി ഓഫീസായ മാരാർജി ഭവൻ തിരുവനന്തപുരം അരിസ്റ്റോ ജംഗ്ഷനിൽ  കേന്ദ്ര ആഭ്യന്തര മന്ത്രിയും മുതിർന്ന BJP നേതാവുമായ അമിത് ഷാ ഉദ്ഘാടനം ചെയ്തു. ഓഫീസിന് മുന്നിൽ  അദ്ദേഹം വൃക്ഷത്തൈ നട്ടു. ഓഫീസിന്റെ നടുത്തളത്തിൽ സ്ഥാപിച്ച പാർട്ടി മുൻ സംസ്ഥാന അധ്യക്ഷൻ കെ.ജി മാരാരുടെ അർധകായ വെങ്കല പ്രതിമ അമിത്ഷാ അനാവരണം  ചെയ്തു. തുടർന്ന് പുത്തരിക്കണ്ടം മൈതാനിയിൽ BJP ബൂത്ത് ലെവൽ പ്രവർത്തകരുടെ സമ്മേളനത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും.

ഉച്ചകഴിഞ്ഞ്, അദ്ദേഹം കണ്ണൂരിലേക്ക് പോകും.

✪✪✪

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ വൈകിട്ട് കണ്ണൂർ തളിപ്പറമ്പ് രാജ രാജേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തും. ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന് സമീപവും, തളിപ്പറമ്പിലും കനത്ത സുരക്ഷാക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഗതാഗത സംവിധാനത്തിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

......(വോയ്സ്).........

✪✪✪

260 പേരുടെ മരണത്തിനിടയാക്കിയ അഹമ്മദാബാദ് വിമാന ദുരന്തത്തിൽ പ്രാഥമിക അന്വേഷണ റിപ്പോർട്ട് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പുറത്തുവിട്ടു. വിമാനം പറന്നുയർന്ന് നിമിഷങ്ങൾക്കകം എഞ്ചിൻ ഫ്യുവൽ കൺട്രോൾ സ്വിച്ച് ഓഫായതാണ് വൻദുരന്തത്തിന് ഇടയാക്കിയതെന്ന് റിപ്പോർട്ടിൽ പറയുന്നു.

✪✪✪

പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി മേരാ യുവ ഭാരതും, ഗ്ലോബൽ ഗിവേഴ്സ് ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിക്കുന്ന മൻ കീ ബാത് ടാലന്റ് ഹണ്ട് സീസൺ 5- ന്റെ ഫൈനൽ മത്സരം നാളെ തിരുവനന്തപുരത്ത് നടക്കും. കഴക്കൂട്ടം മേനംകുളം ജ്യോതിസ് സെൻട്രൽ സ്കൂളിൽ മത്സരങ്ങൾ രാവിലെ 9 ന് കേന്ദ്രസഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ ഉദ്ഘാടനം ചെയ്യും.

ഫൈനൽ മത്സരത്തിൽ നിന്നും തെരെഞ്ഞെടുക്കപ്പെടുന്ന 36 കുട്ടികൾക്ക് ഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കുന്നതിനും, കേന്ദ്ര മന്ത്രിമാരുമായി സംവദിക്കുന്നതിനും അവസരമൊരുക്കും.

✪✪✪

ഭാരതീയ വിദ്യാ നികേതൻ നടത്തുന്ന ചില സ്കൂളുകളിൽ വിദ്യാർത്ഥികളെക്കൊണ്ട് അധ്യാപകരുടെ കാൽ കഴുകിച്ചെന്ന വാർത്ത അതീവ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നതെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. ഇത് ജനാധിപത്യ മൂല്യങ്ങൾക്ക് നിരക്കാത്തതും പ്രതിഷേധാർഹവുമാണ്. വിദ്യാഭ്യാസ അവകാശ നിയമവും ചട്ടങ്ങളും പാലിക്കാത്ത ഏത് സിലബസ്സിൽ ഉള്ള സ്കൂളുകൾ ആണെങ്കിലും നടപടി സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് അധികാരം ഉണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് വ്യക്തമാക്കി.

✪✪✪

പുതുച്ചേരിയിലെ N രംഗസാമി മന്ത്രിസഭയിലെ പുതിയ മന്ത്രിയായി BJP യിലെ A ജോൺ കുമാറിനെ നിയമിച്ചു. അടുത്തിടെ മന്ത്രിസഭയിൽ നിന്ന് രാജിവച്ച A K സായ് ജെ. ശരവണൻ കുമാറിന് പകരമായാണ് അദ്ദേഹം നിയമിതനായത്.

✪✪✪

ആക്സിയം ബഹിരാകാശ ദൗത്യത്തിന്റെ ഭാഗമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ, ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാംശു ശുക്ല ഉൾപ്പെട്ട നാലംഗ സംഘം മറ്റന്നാൾ ഭൂമിയിലേക്ക് യാത്ര തിരിക്കും. കാലാവസ്ഥ അനുകൂലമായെങ്കിൽ മാത്രമേ യാത്ര ആരംഭിക്കുകയുള്ളൂവെന്ന് നാസ വൃത്തങ്ങൾ അറിയിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

......(വോയ്സ്)...

ഇന്ത്യൻ സമയം മറ്റന്നാൾ വൈകിട്ട് 4:35 ന് സ്റ്റേഷനിലെ ഹാർമണി മൊഡ്യൂളിന്റെ സ്പേസ്-ഫേസിംഗ് പോർട്ടിൽ നിന്ന് ശുഭാംശു ഉൾപ്പെട നാല് ബഹിരാകാശ സഞ്ചാരികളെയും വഹിച്ചുള്ള സ്പേസ് എക്സ് ഡ്രാഗൺ പേടകം വേർപെടും. കാലിഫോർണിയൻ തീരത്തായിരിക്കും ഇവരുടെ സ്പ്ലാഷ്ഡൗൺ എന്ന് നാസ അറിയിച്ചു. ശുഭാംശു മിശ്ര നല്ല ആരോഗ്യവാനും ഉൻമേഷവാനുമാണെന്ന് ISRO യും പ്രസ്താവനയിൽ വ്യക്തമാക്കി.

14 ദിവസത്തെ ദൗത്യത്തിനാണ് ശുഭാംശുവിന്റെ നേതൃത്വത്തിൽ നാലംഗ സംഘം ബഹിരാകാശ നിലയത്തിൽ എത്തിയത്. അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിക്കുന്ന ആദ്യത്തെ ഇന്ത്യക്കാരൻ എന്ന ബഹുമതി ഇദ്ദേഹത്തിന് ലഭിച്ചു. 1984-ൽ ബഹിരാകാശത്ത് പോയ വിംഗ് കമാൻഡർ രാകേഷ് ശർമ്മയ്ക്ക് ശേഷം ബഹിരാകാശ യാത്ര ചെയ്യുന്ന രണ്ടാമത്തെ ഇന്ത്യൻ ബഹിരാകാശ സഞ്ചാരി കൂടിയാണ് ശുഭാംശു ശുക്ല.

✪✪✪

വൈദ്യുത വാഹനങ്ങളും ഹരിതോർജ്ജവും സമന്വയിപ്പിക്കുന്നതിന് സഹായകമായ വെഹിക്കിൾ റ്റു ഗ്രിഡ് ഫീൽഡ്തല പൈലറ്റ് പദ്ധതിക്ക് KSEB യിൽ തുടക്കമായി. മുംബൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുക.

പകൽ സമയം സുലഭമായി ലഭിക്കുന്ന സോളാർ വൈദ്യുതി, വൈദ്യുതവാഹനത്തിന്റെ ബാറ്ററിയിൽ ശേഖരിച്ച് ആവശ്യകത കൂടിയ പീക്ക് മണിക്കൂറുകളിൽ ഗ്രിഡിലേക്ക് തിരികെ ലഭ്യമാക്കുന്ന പദ്ധതിയാണിത്.

✪✪✪

പാലക്കാട് ജില്ലയിൽ നിര സ്ഥിരീകരിച്ച തച്ചനാട്ടുകര, കരിമ്പുഴ പഞ്ചായത്തുകളിലെ കണ്ടെയിൻമെന്റ് സോൺ നിയന്ത്രണങ്ങൾ പിൻവലിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. അതേ സമയം നിലവിൽ ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികൾ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ക്വാറന്റീനിൽ തുടരണമെന്നും അറിയിച്ചിട്ടുണ്ട്.

✪✪✪

ശബരിമലയിലെ പുതിയ നവഗ്രഹ ശ്രീകോവിലിന്റെ താക്കോൽ കൈമാറി. ശില്പി മഹേഷ് പണിക്കരിൽ നിന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് PS പ്രശാന്ത് താക്കോൽ ഏറ്റുവാങ്ങി തന്ത്രി കണ്ഠരര് രാജീവർക്ക് കൈമാറി. തുടർന്ന് പ്രതിഷ്ഠയോട് അനുബന്ധിച്ച പൂജകൾക്കും തുടക്കമായി.

ശുദ്ധിക്രിയകളാണ് ആദ്യം നടന്നത്. ഇന്ന് പ്രത്യേക പൂജകൾ നടക്കും. നാളെയാണ് നവഗ്രഹ ശ്രീകോവിലിൽ പ്രതിഷ്ഠാ ചടങ്ങ്.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

✪✪✪

ലോർഡ്സിൽ ആൻഡേഴ്സൺ - ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന് ആതിഥേയരായ ഇംഗ്ലണ്ടിനെതിരെ ഇന്ത്യ 3 വിക്കറ്റിന് 145 റൺസ് എന്ന നിലയിൽ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും.

ഉച്ചകഴിഞ്ഞ് മൂന്നരയ്ക്കാണ് മത്സരം.

ഇന്നലെ ഒന്നാം ഇന്നിംഗ്സിൽ ഇംഗ്ലണ്ട് 387 റൺസിന് പുറത്തായിരുന്നു.

✪✪✪

കൊച്ചി - ധനുഷ്കോടി ദേശീയപാതയിൽ വാളറ വനമേഖലയിൽ നിർമ്മാണ നിരോധനം ഏർപ്പെടുത്തിയ ഹൈക്കോടതി വിധിയിൽ പ്രതിഷേധിച്ച് ഇടുക്കിയിലെ മൂന്ന് പഞ്ചായത്തുകളിൽ UDF ഉം, LDF ഉം പ്രഖ്യാപിച്ച ഹർത്താൽ സമാധാനപരം. വൈകിട്ട് ആറു വരെയാണ് ഹർത്താൽ.

അടിമാലി, പള്ളിവാസൽ, വെള്ളത്തൂവൽ പഞ്ചായത്തുകളിലാണ് ഹർത്താൽ.

✪✪✪

കണ്ണൂർ വളപട്ടണത്ത് റെയിൽപ്പാളത്തിൽ സിമന്റ് കട്ടവെച്ച സംഭവത്തിൽ പോലീസ് കേസ് എടുത്തു അന്വേഷണം തുടങ്ങി. ഇന്നലെ പുലർച്ചെയാണ് കൊച്ചുവേളി-ഭാവ്നഗർ എക്സ്പ്രസ് കടന്നുപോയതിനു ശേഷം സിമന്റ് മൂടി, പാളത്തിൽ ചിതറിയ നിലയിൽ കണ്ടത്. റെയിൽവേ എർത്തിങ്ങുമായി ബന്ധപ്പെട്ടുള്ള ബോക്സ് ചേംബറിന്റെ സിമന്റ് മൂടിയാണ് പാളത്തിൽ കണ്ടത്. തീവണ്ടി അട്ടിമറിക്കാനുള്ള ശ്രമമായിരുന്നോ എന്നും പോലീസ് പരിശോധിക്കുന്നുണ്ട്.

✪✪✪

കണ്ണൂർ വളപട്ടണത്ത് റെയിൽപ്പാളത്തിൽ സിമന്റ് കട്ടവെച്ച സംഭവത്തിൽ പോലീസ് കേസ് എടുത്തു അന്വേഷണം തുടങ്ങി. ഇന്നലെ പുലർച്ചെയാണ് കൊച്ചുവേളി-ഭാവ്നഗർ എക്സ്പ്രസ് കടന്നുപോയതിനു ശേഷം സിമന്റ് മൂടി, പാളത്തിൽ ചിതറിയ നിലയിൽ കണ്ടത്. റെയിൽവേ എർത്തിങ്ങുമായി ബന്ധപ്പെട്ടുള്ള ബോക്സ് ചേംബറിന്റെ സിമന്റ് മൂടിയാണ് പാളത്തിൽ കണ്ടത്. തീവണ്ടി അട്ടിമറിക്കാനുള്ള ശ്രമമായിരുന്നോ എന്നും പോലീസ് പരിശോധിക്കുന്നുണ്ട്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: രജിന കെ*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO: ഷീബ*